പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4743 27/06/2014-ൽ മറുപടിയ്ക്ക്

## മാതൃകാഹരിത ഗ്രാമം പദ്ധതി

| ചോദ്യം<br>ശ്രീ. സി. കൃഷ്ണൻ | മറുപടി<br>ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
|---|---|
| എ) 2013-14 വർഷത്തിൽ പ്രഖ്യാപിച്ച മാതൃകാഹരിത ഗ്രാമം പദ്ധതി (Model Hitech Green Village Project) നടപ്പിലാക്കുന്നതിന് ഏതെല്ലാം പഞ്ചായത്തുകളാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്; | എ) തിരുവനന്തപുരം ജില്ലയിൽ മാണിക്കൽ, കൊല്ലം ജില്ലയിൽ പെരിനാട്, പത്തനംതിട്ട ജില്ലയിൽ ഇരവിപേരൂർ, ആലപ്പുഴ ജില്ലയിൽ മാരാരിക്കുളം സൗത്ത്, കോട്ടയം ജില്ലയിൽ വാഴൂർ, ഇടുക്കി ജില്ലയിൽ കാമാക്ഷി, എറണാകുളം ജില്ലയിൽ മുക്കന്നൂർ, തൃശ്ശൂർ ജില്ലയിൽ താന്നിയം, പാലക്കാട് ജില്ലയിൽ അഗളി, മലപ്പുറം ജില്ലയിൽ പുലാമന്തോൾ, കോഴിക്കോട് ജില്ലയിൽ ചേമഞ്ചേരി, വയനാട് ജില്ലയിൽ തിരുനെല്ലി, കണ്ണൂർ ജില്ലയിൽ പെരിങ്ങോം വയക്കര, കാസറഗോഡ് ജില്ലയിൽ മൊഗ്രാൽ പുത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകളാണ് 2013-14 വർഷത്തിൽ പ്രഖ്യാപിച്ച മാതൃകാഹരിത ഗ്രാമം പദ്ധതി (Model Hitech Green Village Project) നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്. |
| ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | ബി) തിരഞ്ഞെടുക്കപ്പെട്ട ഓരോ പഞ്ചായത്തിലും 100 വീടുകളിൽ ഒരു കിലോവാട്ടിന്റെ സോളാർ പാനൽ, 100 വീടുകളിൽ 10,000 ലിറ്റർ ശേഷിയുള്ള മേൽക്കൂരയിലെ മഴവെള്ള സംഭരണി, 1500 വീടുകളിൽ ദിനംപ്രതി 1.5 കിലോഗ്രാം മാലിന്യം സംസ്കരിക്കുന്ന മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ, 1500 വീടുകളിൽ ദിനംപ്രതി 1.5 കിലോഗ്രാം മാലിന്യം സംസ്കരിക്കുന്ന റിംഗ് കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, 500 വീടുകളിൽ ഒരു ക്യൂബിക് മീറ്റർ ശേഷിയുള്ള പോർട്ടബിൾ ബയോഗ്യാസ് യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുവാനും 150 ഹെക്ടറിൽ വാഴകൃഷിയും 60 ഹെക്ടറിൽ തുറസ്സായ സ്ഥലത്തെ പച്ചക്കറി കൃഷിയും |

നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിന് പുറമെ 2013-14 സാമ്പത്തിക വർഷം നടപ്പിലാക്കുന്ന ഹൈടെക് ഫാമിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി പച്ചക്കറികൃഷി നടപ്പിലാക്കുന്നതിന് പോളി ഹൗസുകളും ഈ പഞ്ചായത്തുകളിൽ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിരുന്നു.

സി) പ്രസ്തുത പദ്ധതിയ്ക്കു വേണ്ടി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഇതിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ:

സി) 2013-14-ലെ ബജറ്റ് പ്രസംഗത്തിൽ 42 കോടി രൂപ മാതൃകാ ഹൈടെക് ഹരിതഗ്രാമം പദ്ധതിയ്ക്കായി പ്രഖ്യാപിച്ചെങ്കിലും വിഭവലഭ്യതയുടെ അഭാവം മൂലം തുകയൊന്നും അനുവദിച്ചില്ല.

ഡി) പദ്ധതിയുടെ പ്രവർത്തനം ബന്ധപ്പെട്ട പഞ്ചായത്തുകളിൽ ഇതു വരെയും ആരംഭിച്ചിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ?

ഡി) മാതൃകാ ഹൈടെക് ഹരിത ഗ്രാമങ്ങൾ എന്ന പദ്ധതിയുടെ നിർവ്വഹണ തന്ത്രങ്ങൾ ചർച്ചചെയ്യുന്നതിനും മാർഗ്ഗരേഖ തയ്യാറാക്കുന്നതിനുമായി തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ ജനപ്രതിനിധികൾ, കൃഷി ഓഫീസർമാർ, ജലനിധി, അനർട്ട്, ശുചിത്വ മിഷൻ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് 27-12-2013-ന് ഒരു ഏകദിന ശില്പശാല നടത്തുകയുണ്ടായി. ശില്പശാലയിൽ പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുവാൻ പഞ്ചായത്ത്തല കമ്മിറ്റികൾക്ക് നിർദ്ദേശം നൽകിയിരുന്നു. 2013-14 സാമ്പത്തിക വർഷം പദ്ധതിയ്ക്ക് തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടില്ല. 2014-15 സാമ്പത്തിക വർഷത്തിൽ തുക ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ഒപ്പ്)

സെക്ഷൻ ഓഫീസർ